തലശ്ശേരിയിലെ വെസ്റ്റ് കോസ്റ്റ് ഡിവിഷൻ ആഫീസ്

411 [447] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ വെസ്റ്റ്കോസ്റ്റ് ഡിവിഷൻ ആഫീസ് അവിടെ നിന്ന് മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ആഫീസ് തലശ്ശേരിയിൽ തന്നെ നിലനിർത്തുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 15–11–1985–ലെ ജി.ഒ. (പി) 130/85/പൊ.മ. പ്രകാരം തലശ്ശേരിയിലെ വെസ്റ്റ് കോസ്റ്റ് ഡിവിഷൻ വകുപ്പ് പുനഃസംഘടനയെ തുടർന്ന് ബിൽഡിംഗ്സ് ഡിവിഷൻ ആയി മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പുതിയ ഡിവിഷൻ ആഫീസ് തലശ്ശേരിയിൽ തന്നെ തുടർന്നും പ്രവർത്തിക്കുന്നതായിരിക്കും.

തട്ടത്തുമല ഗവ. ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണം

412 [448] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ തട്ടത്തുമല ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണത്തിനുവേണ്ടി എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) സ്കൂളിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ ഏതു സ്റ്റേജിലായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ഈ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും?

ഉത്തരം

(എ) തട്ടത്തുമല ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടനിർമ്മാണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 50000 രൂപ വക കൊള്ളിച്ചിട്ടുണ്ട്. കെട്ടിടംപണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഗ്രൗണ്ട് ഫ്ളോറിന്റെ സ്ലാബ് കോൺക്രീറ്റ് ചെയ്തു കഴിഞ്ഞു.

(സി) ധനത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം

413 [449] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിടനിർമ്മാണം ഇപ്പോൾ ഏതു സ്റ്റേജിലായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly